# ഗവ. ഹൈസ്കൂൾ മുക്കുടം

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-26



# ആമുഖം

നവകേരള മിഷനുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാം പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോട് നീതിപുലർത്തിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അതുവഴി വിദ്യാലയങ്ങളിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഗവൺമെൻറ് ഹൈസ്കൂൾ മുക്കുടം. അതിന് കരുത്ത് പകരാൻ സഹായകമായ രീതിയിലാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ....

പി ടി എ പ്രസിഡൻറ്
ശ്രീ സജികുമാർ പി.എൻ.

ഹെഡ്മിസ്ട്രസ്
ശ്രീമതി ഉഷ പി.

# ഗവൺമെൻറ് ഹൈസ്കൂൾ മുക്കുടം

ഇടുക്കി ജില്ലയിലെ ഇടുക്കി താലൂക്കിൽ കൊന്നത്തടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവൺമെൻറ് ഹൈസ്കൂൾ മുക്കുടം. 1974 ൽ സ്ഥാപിതമായ വിദ്യാലയം ജൂബിലി ആഘോഷം കഴിഞ്ഞിരിക്കുന്നു. നമ്മുടെ സ്കൂളിന് മൂന്ന് ഏക്കർ സ്ഥലമാണ് ഉള്ളത് അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 59 കുട്ടികളാണ് ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം പത്താം ക്ലാസിൽ 17 കുട്ടികൾ പഠിക്കുന്നു. കഴിഞ്ഞ 19 വർഷമായി സ്കൂളിൽ പത്താംക്ലാസിൽ 100% വിജയം കരസ്ഥമാക്കി വരുന്നു. ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ 2021 മുതൽ പച്ച തുരുത്ത് എന്ന പേരിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും പരിപാലിച്ചു വരികയും ചെയ്യുന്നു.ഇത് അഞ്ചുവർഷ പദ്ധതിയാണ് ഈ പദ്ധതിയിൽ ഔഷധസസ്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.ശിശു സൗഹൃദ വിദ്യാലയം, സയൻസ് ലാബ്, ഐടി ലാബ്, മികച്ച ലൈബ്രറി, സ്കൂൾ ബസ് എന്നീ സൗകര്യങ്ങളും സ്കൂളിൽ ഒരുക്കിയിട്ടുണ്ട് .

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിൻറെ പേര് | :ഗവൺമെൻറ് ഹൈസ്കൂൾ മുക്കുടം |
| മേൽവിലാസം | :മുക്കുടം പി ഒ<br>ഇടുക്കി ജില്ല<br>പിൻ 6 8 5 6 0 2 |
| ഫോൺ | :0 4 8 6 8 20 40 75 |
| സ്കൂൾ കോഡ് | :2 9 0 5 8 |
| വിദ്യാഭ്യാസ ഉപജില്ല | :അടിമാലി |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| റവന്യൂ ജില്ല | :ഇടുക്കി |
| ബി ആർ സി | :അടിമാലി |
| സി ആർ സി | :മുതിരപ്പുഴ |
| ഗ്രാമപഞ്ചായത്ത് | :കൊന്നത്തടി |
| ബ്ലോക്ക് പഞ്ചായത്ത് | :അടിമാലി |
| ജില്ലാ പഞ്ചായത്ത് | :ഇടുക്കി |
| നിയമസഭാ മണ്ഡലം | :ഇടുക്കി |
| ലോക്സഭാ മണ്ഡലം | :ഇടുക്കി |
| താലൂക്ക് | :ഇടുക്കി |
| വില്ലേജ് | :കൊന്നത്തടി |
| ഇമെയിൽ | :ghsmukkudam@gmail.com |

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിലെത്തുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്,ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടിക്കൊടുക്കുക.

- ഓരോ കുട്ടിയും മികച്ചവനാണ് എന്ന ബോധത്തോടെ കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.

- വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.

- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുകയും അധ്യാപകരെ ശാക്തീകരിക്കുകയും മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.

- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

- ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ നടപ്പിലാക്കുക.

- കൃഷി,ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുക.

- കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുക.

- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മാതാപിതാക്കൾക്ക് കൂടി ബോധ്യമാകുന്ന രീതിയിൽ പി.ടി.എ. മീറ്റിങ്ങുകൾ സംഘടിപ്പിക്കുക.

- വിദ്യാലയത്തെ ഹൈടെക് ആക്കി മാറ്റുകയും പഠനാനുഭവത്തിൽ അതിൻറെ പരമാവധി സാധ്യതകൾ ഉപയോഗിക്കുകയും ചെയ്യുക.

| മേഖല UP മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1,അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ തെറ്റുകൂടാതെ ഉപയോഗിച്ച് ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള ശേഷി. | *കഥകൾ കവിതകൾ എന്നിവ വിശകലനം ചെയ്ത് ആശയം ഗ്രഹിക്കൽ.<br>*വാചകങ്ങളുടെ നിർമ്മാണം | ജൂൺ- ഓഗസ്റ്റ് | പാഠപുസ്തകം<br>ലൈബ്രറി പുസ്തകങ്ങൾ<br>ഐസിടി | ഭാഷ അധ്യാപിക<br>ബി.ആർ.സി<br>എസ്.സി ആർ. ടി. |
| 2,കഥകൾ കവിതകൾ വിവരണങ്ങൾ എന്നിവ വിശകലനം ചെയ്ത് വാക്യഘടന ,ആശയം, പദപ്രയോഗങ്ങളുടെ സവിശേഷതകൾ എന്നിവ ഗ്രഹിക്കുന്നു. | *ആസ്വാദനക്കുറിപ്പ് നിർമ്മാണം<br>*സംഭാഷണം തയ്യാറാക്കൽ<br>*കഥാപാത്ര നിരൂപണം<br>*താരതമ്യ പഠനം<br>*പ്രയോഗ ഭംഗി കണ്ടെത്തൽ<br>*അഭിപ്രായ കുറുപ്പ് തയ്യാറാക്കൽ | സെപ്റ്റംബർ - നവംബർ | പാഠപുസ്തകം<br>ലൈബ്രറി പുസ്തകങ്ങൾ<br>ഐസിടി | ഭാഷ അധ്യാപിക<br>ബി.ആർ.സി<br>എസ്.സി ആർ. ടി. |
| 3, കുട്ടികൾ സ്വന്തം ആശയങ്ങൾ തെറ്റ് കൂടാതെ എഴുതി അവതരിപ്പിക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നു. | *വായന അനുഭവം പങ്കുവെക്കൽ<br>*കത്തെഴുതൽ<br>*ഡയറി എഴുത്ത് | ഡിസംബർ - ജനുവരി | പാഠപുസ്തകം<br>ലൈബ്രറി പുസ്തകങ്ങൾ<br>ഐസിടി | ഭാഷ അധ്യാപിക<br>ബി.ആർ.സി<br>എസ്.സി ആർ. ടി. |

| മേഖല UP ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1. ഇംഗ്ലീഷ് ഭാഷ വായിക്കുന്നതിനും എഴുതുന്നതിനും ഉള്ള ശേഷി കൈവരിക്കൽ. | 1 . കഥകൾ കവിതകൾ എന്നിവക്ലാസിൽ വായിപ്പിക്കുക, സംഭാഷണം തയ്യാറാക്കൽ, ഡയറിഎഴുത്ത്, ചിത്രങ്ങളുടെഅടിസ്ഥാനത്തിൽകഥ പൂർത്തിയാക്കൽ. | ജൂൺ- ഓഗസ്റ്റ് | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 2.ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാവുക | 2.ന്യൂസ് റിപ്പോർട്ട് തയ്യാറാക്കൽ, ക്രോസ്സ് വേഡ് പസിൽ, ലെറ്റർ റൈറ്റിംഗ്, invitation card നിർമ്മാണം. | സെപ്റ്റംബർ - നവംബർ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 3.സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് പഠനത്തിനായി പ്രയോജനപ്പെടുത്തുക . | 3.ഡിസ്ക്രിപ്ഷൻ തയ്യാറാക്കൽ, പ്രൊഫൈൽ നിർമ്മാണം | ഡിസംബർ - ജനുവരി | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |

| യുപി - അടിസ്ഥാന ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | *ജൈവവൈവിധ്യ പാർക്ക്<br><br>പച്ചക്കറിത്തോട്ടം ഔഷധത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്. കൃഷിയിൽ ശാസ്ത്രത്തെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാറ്റങ്ങൾ.<br><br>* കാർഷികരംഗത്തെ പുതിയ മാറ്റങ്ങളും ശാസ്ത്രവും തമ്മിലുള്ള ബന്ധം കണ്ടെത്തൽ കൃഷിയുടെ സന്ദർശനം കാർഷിക ഗവേഷണ കേന്ദ്ര സന്ദർശനം, കർഷകരമായി അഭിമുഖം. | 1 മാസം | ശാസ്ത്ര അധ്യാപകൻ | പരിസ്ഥിതി ക്ലബ് |
| 2. വൈദ്യുതിയുടെ ഉത്പാദനം വിതരണം വൈദ്യുത ഉപകരണങ്ങൾ എന്നിവ ഗ്രഹിക്കൽ. | * സർക്കീട്ട് നിർമ്മാണം ഗ്രൂപ്പുകളായി തിരിച്ച് ചെറിയ സർക്കീറ്റുകൾ നിർമ്മിച്ച അവതരണം<br>* വൈദ്യുതനിലയ സന്ദർശനം വൈദ്യുതി ഉല്പാദനം വിതരണം എന്നിവ കണ്ട് | 2 മാസം | ശാസ്ത്ര അധ്യാപകൻ | ശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| | മനസ്സിലാക്കുന്നു | | | |
| 3. പ്രകാശവുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങൾ ചുറ്റുപാടുകളിൽ നിന്നും തിരിച്ചറിയുന്നു. | * കൊച്ചു ശാസ്ത്രജ്ഞർ<br>പരീക്ഷണങ്ങളിൽ നിന്നും പ്രകാശത്തിന്റെ പ്രത്യേകതകൾ അതുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങൾ എന്നിവ കണ്ടെത്തൽ. | 1 മാസം | ശാസ്ത്ര അധ്യാപകൻ | ശാസ്ത്ര ക്ലബ് |
| 4.മനുഷ്യ ശരീരത്തിന്റെ ഘടനയും പ്രവർത്തനങ്ങളും വിശകലനം ചെയ്ത് ജീവൻ പ്രവർത്തനങ്ങളെ മറ്റ് ജീവജാലങ്ങളുമായി താരതമ്യം ചെയ്യൽ. | * മാസ്റ്റർ മൈൻഡ്<br>ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മനുഷ്യ ശരീരത്തിന്റെ സവിശേഷതകൾ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കൽ. | 2 മാസം | ശാസ്ത്ര അധ്യാപകൻ | ശാസ്ത്ര ക്ലബ് |
| 5.പരിസ്ഥിതി സംരക്ഷണം ശുചിത്വ ശീലങ്ങൾ പകർച്ചവ്യാധികൾ എന്നിവ വിശകലനം ചെയ്യൽ. | *ആരോഗ്യ പ്രവർത്തകരുമായുള്ള അഭിമുഖം<br>പ്രാഥമിക ആരോഗ്യ കേന്ദ്ര സന്ദർശനം പോസ്റ്റർ നിർമ്മാണം പരിസര ശുചീകരണം ബോധവൽക്കരണ പരിപാടികൾ. | 2 മാസം | ശാസ്ത്ര അധ്യാപകൻ | പി ടി എ |

| യുപി ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| * 5 6 7 ക്ലാസ് അക്ഷരബോധം ഉറപ്പാക്കൽ ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിച്ചെടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാറ്റ് സ്ഥിതിയിൽ അക്ഷരമാല ചാർട്ട് രീതിയിൽ അക്ഷര രചന കാണിക്കൽ എന്നിവ ക്ലാസിൽ കൊണ്ടുവരും | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | ഹിന്ദി അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| *ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും | വായനയ്ക്ക് ഹിന്ദി തെറ്റിച്ച് വായിച്ച് കുട്ടികളുടെ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കാനായി പറയും | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | ഹിന്ദി അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| *ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക നിത്യജീവിതത്തിൽ ആവശ്യം വരുന്ന ഇന്ത്യയിൽ സംസാരിക്കാനുള്ള ഭാഷാ പരിചയപ്പെടുത്തുക | മത്സരവായന തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കുന്ന മത്സരങ്ങൾ നടത്തും കുട്ടികൾക്ക് സമ്മാനം കൊടുക്കും കാലം | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |

# യുപി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1.ഗണിത കളരിയിലൂടെ അടിസ്ഥാന ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തിക്കൊണ്ടു വരിക. | 1. ഗണിത കളരി സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ എളുപ്പത്തിൽ ചെയ്യാൻ പ്രാപ്തരം പ്രാപ്തരാക്കുന്നതിനുള്ള പ്രത്യേക പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 2.ആധുനിക രീതിയിൽ ഗണിതം പഠിക്കുന്നതിന് സാങ്കേതിക സാധ്യതകളുടെ ശരിയായ പ്രയോജനപ്പെടുത്തൽ. | *ഐടി സാധ്യതകളിലൂടെ കോണുകളുടെ അളവുകൾ ജാമിതീയ രൂപങ്ങൾ പോളിഗൻസ് ഇവയുടെ നിർമ്മാണം ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 3.വിവിധ ശേഷികളുടെ ദിനാചരണം | * ദിനാചരണം രാമാനുജന്റെ ശകുന്തളാദേവി അനുസ്മരണം തുടങ്ങിയ ഗണിതവുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങളുടെ സംഘാടനം | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 4.ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ. | * ഗണിത ഗ്രാമം ഗണിത മേഖലയിൽ പ്രാവീണ്യം തെളിയിച്ചവരും | ജൂൺ മുതൽ ഫെബ്രുവരി വരെ | | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |

| | | | | |
|---|---|---|---|---|
| | ഗണിതത്തിലെ വിവിധ മേഖലകൾ അനുദിനം കൈകാര്യം ചെയ്യുന്നവരുമായ ആളുകളെക്കൊണ്ട് കുട്ടികളിൽ ഗണിതത്തിൽ കൗതുകം ഉണർത്തുന്ന ക്ലാസുകൾ എടുക്കുന്നു | | | |
| 5.ഗണിതം മധുരമാക്കൽ. | * ജാമിതീയ രൂപങ്ങൾ<br>ജാമതീയ രൂപങ്ങളുടെ നിർമ്മാണത്തിലൂടെ ഗണിതം കൂടുതൽ മധുരകരമാക്കാൻ അധ്യാപകൻ കുട്ടികളെ പരിശീലിപ്പിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | | അധ്യാപിക<br>ബി.ആർ.സി<br>എസ്.സി<br>ആർ. ടി. |
| 6.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | * ഗണിതകേളി<br>വിവിധ കളികളിലൂടെ അടിസ്ഥാന ഗണിതക്രിയകൾ കുട്ടികളിൽ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നമ്പർ കാർഡ് ഫ്ലാഷ് കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | | |

| ഹൈസ്കൂൾ ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
| 1 ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | 1. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ,ഇംഗ്ലീഷ് ലൈബ്രറി നവീകരണം, ഇംഗ്ലീഷ് ഡേ | ക്ലാസ് റൂം പ്രവർത്തനത്തോടൊപ്പം | പിടിഎ, ഗവൺമെൻറ് | പിടിഎ, ടീച്ചേഴ്സ് |
| 2 ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | 2. പ്രൊഫൈൽ, സ്ക്രിപ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് വേണ്ടി പരിശീലനം, ഇംഗ്ലീഷ് ഡേ ആചരണം, ചർച്ചകൾ, ഇംഗ്ലീഷ് കവിതകളുടെ കൊറിയോഗ്രഫി തയ്യാറാക്കി ദൃശ്യാവിഷ്കാരം നടത്തുന്നു | ക്ലാസ്റൂം പ്രവർത്തനത്തോടൊപ്പം | ഇംഗ്ലീഷ് ക്ലബ്ബ്, ഗവൺമെൻറ് ,പിടിഎ, | ടീച്ചേഴ്സ്, ഇംഗ്ലീഷ് അധ്യാപകർ |
| 3 സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | 3 അക്ഷര കാർഡ്, പദ കാർഡ് നിർമ്മാണത്തിനുള്ള കാർഡുകൾ, ചിത്രവായന, ലഘു കഥ നിർമ്മാണം, ഇംഗ്ലീഷ് പത്രവായന, പദ സമ്പാദനം, എൻറെ ഡയറി, അസംബ്ലി, ന്യൂസ് വായന ന്യൂസ് റീഡിംഗ് കോമ്പറ്റീഷൻ | ക്ലാസ്റൂം പ്രവർത്തനങ്ങൾ, അസംബ്ലി | ഇംഗ്ലീഷ് ക്ലബ്ബ് | പിടിഎ ,എസ് ആർ ജി, ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| 4 നാടകീകരണം | 4 ഇംഗ്ലീഷ് അസംബ്ലി, സ്കിറ്റ്, പപ്പറ്റ് ഷോ | ക്ലാസ്റൂം പ്രവർത്തനം | ഇംഗ്ലീഷ് ക്ലബ്, പിടിഎ | പിടിഎ ടീച്ചേഴ്സ് |
| 5 കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | 5 ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന - ആലാപന മത്സരങ്ങൾ നടത്തുന്നു, ബുക്ക് റിവ്യൂസ്, രചനകളുടെ പ്രദർശനം | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ്, പിടിഎ | പിടിഎ, എസ് ആർ ജി ടീച്ചേഴ്സ് |
| 6 സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക | 6 ഇംഗ്ലീഷ് ഫെസ്റ്റ് ,ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഗവൺമെൻറ്, പിടിഎ, ഇംഗ്ലീഷ് ക്ലബ് | പിടിഎ, ടീച്ചേഴ്സ് ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ് |

| ഹൈസ്കൂൾ ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1 രാഷ്ട്രീയ ഭാഷയോടുള്ള അഭിരുചി വർദ്ധിക്കുന്നു മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | *കഥാ വായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 2 വിവർത്തകർ വാർത്താവായനക്കാർ ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതകൾക്കായി കുട്ടികളെ പ്രാപ്തരാക്കുക | * ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുന്നു. ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു പ്രശസ്ത ജനലിസ്റ്റുകളും ആയി അഭിമുഖം സംഘടിപ്പിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |

| ഹൈസ്കൂൾ ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1 ശാസ്ത്രാഭിരുചിയും പ്രക്രിയ ശേഷിയും വളർത്തുക | 1 ശാസ്ത്ര ദിനാചരണങ്ങൾ, മത്സരങ്ങൾ, പ്രദർശനങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 2 ശാസ്ത്ര പഠനത്തിലൂടെ സാമൂഹ്യ നന്മയ്ക്ക് പ്രാപ്തരാക്കുക | 2 ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദ സെമിനാർ , ആരോഗ്യ ശീലങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| 3 ശാസ്ത്ര പഠനത്തിലെ നവീന ആശയങ്ങൾ കുട്ടികളിലും പൊതു സമൂഹത്തിനും എത്തിക്കുക | 3 കുട്ടികളുടെ നിർമ്മിതി പ്രദർശനം, സയൻസ് കോർണർ | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ ഐസിടി | അധ്യാപിക ബി.ആർ.സി എസ്.സി ആർ. ടി. |
| 4 കുട്ടികളിൽ നിരീക്ഷണ പരീക്ഷണ പാടവം വളർത്തി യുക്തി ചിന്തയും ശാസ്ത്രീയ മനോഭാവവും വളർത്തുക | 4 പരീക്ഷണങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| 5 ശാസ്ത്ര പഠനത്തിൽ മികവ് പുലർത്തുന്നവർക്ക് ഉയർന്ന നിലവാരത്തിൽ എത്താൻ അവസരങ്ങൾ നൽകൽ | 5 കുട്ടിശാസ്ത്രജ്ഞന്മാരെ കണ്ടെത്തി സ്റ്റുഡൻസ് റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | | |

| ഹൈസ്കൂൾ ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | ഭൗതികം |
| 1.ആശയധാരണ കൈവരിക്കൽ | 1.ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കുക. | 1.ജൂൺ ആദ്യവാരം. | 1.അധ്യാപകർ ,മുന്നോട്ടു നിൽക്കുന്ന കുട്ടികൾ. | |
| 2.നിർമിതികളിലെ ശേഷി കൈവരിക്കൽ | 2.ഇൻസ്ട്രുമെന്റ് ബോക്സിന്റെ സഹായത്തോടെ വിവിധ ഗണിത ചിത്രങ്ങളുടെ നിർമ്മാണം. | 2.തുടർ പ്രവർത്തനം. | 2. അധ്യാപകർ. | 2.ടീച്ചേഴ്സ് ഗ്രാൻഡ് |
| 3.ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ. | 3. നിത്യജീവിതത്തിൽ കണ്ടുവരുന്ന ജാമിതീയ രൂപങ്ങളുടെ ശേഖരണം. | 3. വർഷത്തിൽ ഒന്ന്. | 3.അധ്യാപകർ , പി.ടി.എ. | 3. പി.ടി.എ. |
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | 4.ശില്പശാല നടത്തുന്നു,ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | 4. വർഷത്തിൽ ഒന്ന്. | 4.അധ്യാപകർ , ഗണിത ക്ലബ്ബ്. | 4. പി.ടി.എ. |
| 5.സംഘബോധം ഉണ്ടാക്കൽ. | 5. സംഘപഠനം. | 5.തുടർ പ്രവർത്തനം. | 5.അധ്യാപകർ . | |

| | | | | |
|---|---|---|---|---|
| 6.അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | 6.അധ്യാപകരുടെ ഇടപെടലുകൾ ചർച്ചകൾ പാഠസൂത്രണം എന്നീ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | 6. അക്കാദമിക വർഷം, തുടർ പ്രവർത്തനം. | 6.അധ്യാപകർ . | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ. | 7.സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരുമായി ചർച്ച. | 7.ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും. | 7.ഗണിത അധ്യാപകർ. | 7. പി.ടി.എ. |
| 8.ഗണിത മത്സരവേദിയിലേക്ക്. മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | 8.മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | 8.രണ്ടു മാസത്തിൽ ഒന്ന്. | 8.ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ. | 8. പി.ടി.എ. |
| 9. ഗണിത ലാബ്. | 9.ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | 9.ജൂൺ,ജൂലൈ. | 9.ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ. | 9. പി.ടി.എ |
| 10.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | 10.ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുന്നു. | 10.എല്ലാ അധ്യാപകരും. | 10.അധ്യാപകർ, HM, പി.ടി.എ. പ്രസിഡന്റ് | |

| ഹൈസ്കൂൾ മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1 ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | *പ്രീ ടെസ്റ്റ്<br>*അക്ഷരവും അടയാളവും ഉറപ്പിക്കൽ<br>*വാക്കുകൾ വാക്യങ്ങൾ എന്നിവ നിർമ്മിക്കൽ<br>*അനുഭവക്കുറിപ്പെഴുതൽ<br>*ഡയറിയെഴുതൽ<br>*ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | പുസ്തകങ്ങൾ വായനക്കാർഡുകൾ | പി.ടി.എ, അധ്യാപകർ |
| 2 രണ്ട് കുട്ടിയെ മികച്ച വായനക്കാരനാക്കുക<br>‘ | *വായനക്കൂട്ടം രൂപീകരിക്കൽ<br>*വായനോത്സവം<br>*പത്രവായന<br>*വായനഅനുഭവം<br>*ആനുകാലിക പ്രസിദ്ധീകരണവായന<br>*വായനക്കുറിപ്പ്<br>*വിദ്യാരംഗം പ്രവർത്തനം<br>*ശ്രദ്ധ പദ്ധതി | ആറുമാസം<br>സെപ്റ്റംബർ<br>ഫെബ്രുവരി | ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ | പിടിഎ<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3 കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം വായനക്കുറിപ്പ് ചുമർ പത്രിക തയ്യാറാക്കൽ വ്യക്തിഗത രചന സംഘ രചന സർഗ്ഗസൃഷ്ടികളുടെ പ്രകാശനം | ആറുമാസം സെപ്റ്റംബർ ഫെബ്രുവരി | ലൈബ്രറി പത്രങ്ങൾ ആനുകാലികങ്ങൾ | പിടിഎ അധ്യാപകർ |
| 4 സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | പ്രസംഗ പരിശീലനം വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കാൻ പ്രസംഗവേദികൾ ഒരുക്കുക | ആറുമാസം സെപ്റ്റംബർ ഫെബ്രുവരി | ലൈബ്രറി പത്രങ്ങൾ ഓഡിയോ വീഡിയോ ഐസിടി | അധ്യാപകർ |

| ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1 പഠനപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 1.പ്രീ ടെസ്റ്റ്<br>2.പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ<br>3.ചിത്രങ്ങൾ നിരീക്ഷിച്ച അഭിപ്രായങ്ങൾ അവതരിപ്പിക്കൽ<br>4.ചിത്ര വിശദീകരണം ലഘു വിവരങ്ങൾ മുതലായവയിലൂടെ നേടിയ അറിവുകളുടെ അവതരണം<br>5.വാക്കുകൾ വാചകങ്ങൾ ചിത്രരചന മുതലായവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ<br>6. ദിനാചരണങ്ങൾ സമുചിതമായ ആചരിക്കാൻ ആലോചിക്കൽ റിപ്പോർട്ട് അവതരിപ്പിക്കൽ<br>7.സ്കൂൾ ലൈബ്രറിയിൽ സാമൂഹ്യശാസ്ത്രപുസ്ത | രണ്ടുമാസം | മഹാത്മാരുടെ ചിത്രങ്ങൾ വായന സാമഗ്രികൾ ചരിത്ര സംഭവങ്ങൾ ലൈബ്രറിയുടെ ഉപയോഗം. | ബി.ആർ സി,ഡയറ്റ് പിടിഎ, എസ് ആർ ജി ടീച്ചേഴ്സ്, സമഗ്ര |

| | | | | |
|---|---|---|---|---|
| | കങ്ങളുടെ ലഭ്യത ഉറപ്പാക്കൽ അധികവിതര ശേഖരണത്തിനായി ഉപയോഗപ്പെടുത്തൽ<br>8. ഭൂപട വായന നടത്തൽ<br>9. ചാർട്ടുകൾ ചിത്രങ്ങൾ മുതലായവയുടെ നിർമ്മാണം<br>10. ചർച്ചകൾ നടത്തലും അവയുടെ കുറപ്പ് തയ്യാറാക്കാനും അവതരിപ്പിക്കലും നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കൾ | | | |
| 2.കുട്ടികളെ അവരുടെ ക്ലാസിലെ പാഠപുസ്തകങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ കണ്ടെത്തുവാനും പ്രാപ്തനാക്കുക( മികച്ച സാമൂഹ്യ ശാസ്ത്ര പഠിതാവ്) | 1. പാഠഭാഗങ്ങൾ ഗ്രൂപ്പ് തലത്തിലും വ്യക്തിഗതമായും വായിച്ച ആശയ സാംശീകരണം<br>2. ആശയസാംശീകരണം ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ അനുബന്ധ പഠനം സാമഗ്രികളുടെ ഉപയോഗപ്പെടുത്തൽ<br>3. പാഠഭാഗങ്ങൾ ഡിജിറ്റലൈസേഷൻ നടത്തി അവതരിപ്പിക്കൽ പാഠഭാഗത്തെ | | പാഠപുസ്തകങ്ങൾ സ്കൂൾ ലൈബ്രറി സമീർ പ്രദേശത്തുള്ള ലൈബ്രറികൾ പ്രയോജനപ്പെടുത്തൽ ചിത്രങ്ങളുടെ ശേഖരണം റിസോഴ്സ് അധ്യാപകരുടെ സേവനം ചാർട്ടു കൾ ചിത്രങ്ങൾ ഭൂപടങ്ങൾ ഇവയുടെ | ബി.ആർ സി,ഡയറ്റ് പിടിഎ, എസ് ആർ ജി ടീച്ചേഴ്സ്, സമഗ്ര |

| | | | | |
|---|---|---|---|---|
| | ഉത്തരങ്ങൾ കണ്ടെത്തൽ<br>4. ചർച്ച കുറിപ്പുകൾ വായനക്കുറിപ്പുകൾ ലക്ഷ്യവിതരണങ്ങൾ മുതലായവ എഴുതി അവതരിപ്പിക്കുവാൻ പ്രാപ്തരാക്കൽ<br>5. ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>6. കുട്ടികൾ അവരുടെ ചുറ്റുപാടുവുമായി പാഠഭാഗത്തെ ബന്ധപ്പെടുത്തുന്നതിന് മനസ്സിലാക്കുന്നതിനു സഹായിക്കൽ | | ഉപയോഗം വായന സാമഗ്രികളുടെ ഉപയോഗം | |
| 3. സാമൂഹ്യ പരിസ്ഥിതി മാറ്റങ്ങൾ മനസ്സിലാക്കൽ | . കാലാവസ്ഥയിലും പരിസരത്തിലും സംഭവിക്കുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിനു ം അവയിൽ മനുഷ്യപ്രവർത്തനങ്ങളുടെ പങ്ക് തിരിച്ചറിയുന്നതിനും<br>2. നമ്മുടെ രാജ്യത്തിലേക്ക് ലോകത്തിലെയും മഹത്തായ സംഭാവനകൾ തിരിച്ചറിയുന്നതിനും അവർ നമ്മുടെ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് | | പാഠപുസ്തകങ്ങൾ സ്കൂൾ ലൈബ്രറി സമീർ പ്രദേശത്തുള്ള ലൈബ്രറികൾ പ്രയോജനപ്പെടുത്തൽ ചിത്രങ്ങളുടെ ശേഖരണം റിസോഴ്സ് അധ്യാപകരുടെ സേവനം ചാർട്ടു കൾ ചിത്രങ്ങൾ ഭൂപടങ്ങൾ ഇവയുടെ ഉപയോഗം വായന സാമഗ്രികളുടെ | ബി.ആർ സി,ഡയറ്റ് പിടിഎ, എസ് ആർ ജി ടീച്ചേഴ്സ്, സമഗ്ര |

| | | | | |
|---|---|---|---|---|
| | തിരിച്ചറിയുന്നതിനും 3. ഭൂപട വായന 4. വ്യത്യസ്ത ഭൂപടങ്ങൾ തിരിച്ചറിയൽ | | ഉപയോഗം | |
| 4.സാമൂഹ്യശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കുന്നതിനായി സാമൂഹ്യശാസ്ത്ര ലാബ് | 1.ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി പുതിയ വീഡിയോകൾ ചിത്രങ്ങൾ ഭൂപടങ്ങൾ ഗ്രാഫുകൾ ഇവയൊക്കെ തയ്യാറാക്കുന്നതിന് 2.പ്രോജക്ടുകൾ പതിപ്പുകൾ അറ്റ്ലസകൾ കയ്യെഴുത്ത് പ്രതികൾ മുതലായവ തയ്യാറാക്കുന്നതിന് 3.ആയാസരഹിതമായി പരീക്ഷയെ അഭിമുഖീകരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനു 4.അധ്യാപകരുടെ സഹായമില്ലാതെ സാമൂഹ്യശാസ്ത്ര പഠനം നടത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ലാബ് സജ്ജമാക്കൽ | | പാഠപുസ്തകങ്ങൾ സ്കൂൾ ലൈബ്രറി സമീർ പ്രദേശത്തുള്ള ലൈബ്രറികൾ പ്രയോജനപ്പെടുത്തൽ ചിത്രങ്ങളുടെ ശേഖരണം റിസോഴ്സ് അധ്യാപകരുടെ സേവനം ചാർട്ടു കൾ ചിത്രങ്ങൾ ഭൂപടങ്ങൾ ഇവയുടെ ഉപയോഗം വായന സാമഗ്രികളുടെ ഉപയോഗം | ബി.ആർ സി,ഡയറ്റ് പിടിഎ, എസ് ആർ ജി ടീച്ചേഴ്സ്, സമഗ്ര |